# ഇൻകം ടാക്സ് എംപ്ലോയീസ് ഫെഡറേഷൻ

## കേരളാ സർക്കിൾ

എറണാകുളം

24-11-2015

പ്രിയ സുഹൃത്തെ,

ഏറെക്കാലമായി നാം കാത്തിരുന്നതും, നിരന്തരമായ സമ്മർദ്ദങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും ഫലമായി സമർപ്പിക്കപ്പെട്ടതുമായ ഏഴാം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിന്റെ ഗുണഫലങ്ങളും റിപ്പോർട്ട് അംഗീകരിച്ചാൽ ഉണ്ടായേക്കാവുന്ന സാമ്പത്തിക നേട്ടങ്ങളും കണക്കാക്കുന്ന തിരക്കിലായിരിക്കുമല്ലോ? സത്യവും മിഥ്യയും തിരിച്ചറിയുന്നതിന് വിവേകശാലിയായ കേന്ദ്രസർവ്വീസ് ജീവനക്കാരെ പ്രബുദ്ധരാക്കേണ്ടതില്ലെങ്കിലും യാഥാർത്ഥ്യത്തിലേയ്ക്ക് ശ്രദ്ധക്ഷണിക്കട്ടെ.

| 01-01-2006-ൽ<br>**വരുമാനം** | നിലവിലുള്ളത് | 7-ാം ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശം | നമ്മൾ ആവശ്യപ്പെട്ടത് |
|---|---|---|---|
| അടിസ്ഥാന ശമ്പളം | 5200 | 18000 | 26000 |
| ഗ്രേഡ് പേ | 1800 | - | - |
| ക്ഷാമബത്ത (ഡി.എ.) | 8750 | - | - |
| യാത്രാബത്ത (ടി.എ.) | 1350 | 1350 | 7500 |
| നഗരബത്ത (സി.സി.എ.) | - | - | 350 |
| **മൊത്തം വരുമാനം** | **17100** | **19350** | **33850** |
| | | | |
| നിർബന്ധിത കിഴിവുകൾ | | | |
| CGE GIS | 30 | 1500 | 350 |
| NPS | 1575 | 1800 | 2600 |
| **യഥാർത്ഥത്തിൽ ലഭിക്കുന്നത്** | **15495** | **16050** | **30900** |
| **വ്യത്യാസം** | | **555** | **15405** |

യഥാർത്ഥത്തിൽ 555 രൂപയുടെ വർദ്ധനവ് മാത്രമാണ് ഉണ്ടാകുന്നതെന്ന് കാണാവുന്നതാണ്. ഇത് വീട്ടുവാടക ബത്ത (എച്ച്.ആർ.എ.) ലഭിക്കുന്ന സാഹചര്യത്തിൽ 1480 (2880 - 1400, HRA @ 16% - @ 20%) രൂപ കൂടി വർദ്ധിക്കും. എന്നാൽ 125% ക്ഷമബത്ത അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചാൽ ലഭിക്കുമായിരുന്ന വീട്ടുവാടക ബത്ത (എച്ച്.ആർ.എ.) യിൽ 270 (3150 - 2880, HRA @ 20% - @ 16%) കുറവുണ്ടാകുന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. ക്ഷാമബത്താ ലയനത്തിന് ശേഷമുള്ള ശമ്പളത്തിൽ എച്ച്.ആർ.എ. ഉൾപ്പെടെ കണക്കാക്കിയാൽ ഉണ്ടാകുന്ന 285 (555-270) രൂപയുടെ വർദ്ധനവ് കേവലം 1.53% മാത്രമാണെന്നും ഇത് ഒരു വാർഷിക വർദ്ധനവ് (ഇൻക്രിമെന്റ്) നേക്കാൾ വളരെ കുറവാണെന്നും നാം തിരിച്ചറിയണം. ഇതൊരു ഉദാഹരണം മാത്രം. അധികമായി ലഭിക്കുമെന്ന് ചിലരെങ്കിലും ആശ്വസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യം ആറാം ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശമായ 12000 (1000 X 12) രൂപയിൽ 125% ക്ഷാമബത്ത ലയിപ്പിക്കുമ്പോൾ ലഭിക്കുന്ന 27000 (2250 X 12) മാത്രമാണെന്നും നാം മനസ്സിലാക്കണം.

ശമ്പള പരിഷ്കരണ നിർദ്ദേശങ്ങൾ എന്നാൽ ശമ്പളത്തിൽ കുറവുണ്ടാക്കാനുള്ള നിർദ്ദേശങ്ങളും ആകാമെന്ന് ജസ്റ്റിസ് അശോക് കുമാർ മാത്തൂർ നമ്മെ പഠിപ്പിക്കുന്നു.

1) വീട്ടുവാടക ബത്ത (എച്ച്.ആർ.എ.) 10, 20, 30 ശതമാനത്തിൽ നിന്നും 8, 16, 24 എന്നിങ്ങനെ കുറച്ചു.

2) വ്യക്തിഗത ശമ്പളം (Personal Pay) നിർത്തലാക്കി.

3) പണം കൈകാര്യം ചെയ്യുന്നതിനുള്ള ആനുകൂല്യം (Cash Handling Allowance) ഉൾപ്പെടെ 52 അലവൻസുകൾ നിർത്തലാക്കി.

4) കെയർടേക്കിങ്ങ് അലവൻസ് 10% എന്നത് എക്സ്ട്രാ വർക്ക് അലവൻസ് എന്ന പേരിൽ 2% ആക്കി ചുരുക്കുകയും ഒരു വർഷത്തിൽ കൂടുതൽ തുടർച്ചയായി നൽകാൻ പാടില്ലെന്ന നിബന്ധനയും കൊണ്ടുവന്നതുൾപ്പെടെ 36 അലവൻസുകളെ ഇപ്രകാരം പുതുക്കി നിശ്ചയിച്ചു.

5) കോമ്പസിറ്റ് ട്രാൻസ്ഫർ ഗ്രാന്റിൽ 20% കുറവു വരുത്തി.

6) ചൈൽഡ് കെയർ ലീവിന്റെ രണ്ടാം പാദത്തിൽ ശമ്പളത്തിൽ 20% കുറവുവരുത്തി.

7) CGEGIS പ്രീമിയത്തിൽ കനത്ത വർദ്ധനവ് വരുത്തി.

8) അഡ്ഹോക് ബോണസ് പ്രവർത്തനമികവുമായി ബന്ധപ്പെടുത്തി.

9) MACP യ്ക്ക് പുതിയ നിബന്ധനകൾ ഏർപ്പെടുത്തി.

10) വാർഷിക വർദ്ധനവ് (ഇൻക്രിമെന്റ്) 5% എന്ന ആവശ്യം നിരാകരിച്ച് 3% ശതമാനമാക്കി നില നിർത്തി.

11) പ്രമോഷനിൽ രണ്ട് ഇൻക്രിമെന്റും കുറഞ്ഞത് 3000 രൂപയുടെ വർദ്ധനവും എന്നത് നിരാകരിച്ച് ഒരു ഇൻക്രിമെന്റ് മാത്രമാക്കി നിലനിർത്തിയതിനുപുറമെ ഗ്രേഡ് പേ മാറ്റവും ഇല്ലാതായി.

12) പലിശരഹിത വായ്പകൾ നിർത്തലാക്കി.

13) പലിശയോടുകൂടിയ വായ്പകൾ, HBA, Computer Advance എന്നിവ മാത്രമാക്കി ചുരുക്കി.

14) സിറ്റി കോമ്പൻസേറ്ററി അലവൻസ് പുനഃസ്ഥാപിക്കമെന്ന ആവശ്യം നിരാകരിച്ചു.

15) സർവ്വീസ് കാലയളവിൽ 5 പ്രമോഷനുകളെങ്കിലും ഉറപ്പാക്കണമെന്ന ആവശ്യം നിരാകരിച്ചു.

16) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സംവിധാനം അട്ടിമറിച്ച് പകരം ഇൻഷ്വറൻസ് സ്കീം കൊണ്ടുവന്ന് അധികഭാരം ജീവനക്കാരന്റെ ചുമലിൽ കെട്ടിവയ്ക്കുന്നതിന് നിർദ്ദേശിച്ചു.

17) 50 ശതമാനത്തിലധികമാകുമ്പോൾ ക്ഷാമബത്ത അടിസ്ഥാനശമ്പളത്തിൽ ലയിപ്പിക്കണമെന്ന ആവശ്യം നിരാകരിച്ചു.

18) അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്ക്കരണമെന്ന ആവശ്യം നിരാകരിച്ചു.

കുറവുകളുടെയും കിഴിവുകളുടെയും ഒഴിവാക്കലുകളുടെയും നിരാകരണങ്ങളുടെയും പട്ടിക ഏറെ വലുതാണ്. ക്ഷാമബത്ത കണക്കാക്കുന്നതിനുള്ള അടിസ്ഥാന വർഷം മാറ്റി നിശ്ചയിക്കുമ്പോൾ ആ ഇനത്തിലുണ്ടാകുന്ന കുറവുകൂടി ഇതോടൊപ്പം ചേർത്തുവായിക്കണം. രണ്ടാം ശമ്പളപരിഷ്ക്കരണ കമ്മീഷന്റെ 14.2% ത്തിനുശേഷം ഏറ്റവും മോശമായ 14.27% ത്തിന്റെ മാത്രം വർദ്ധനവ് ശുപാർശ ചെയ്യുന്നതാണ് തങ്ങളുടെ റിപ്പോർട്ടെന്ന് ഏഴാം ശമ്പള പരിഷ്കരണ കമ്മീഷൻ തന്നെ പ്രസ്താവിക്കുമ്പോൾ അത് മേൽതട്ടിലെ വർദ്ധനവിന്റെയുൾപ്പെടെയുള്ള ശരാശരി മാത്രമാണെന്ന് നാം തിരിച്ചറിയണം. അലവൻസുകളിലും ആനുകൂല്യങ്ങളിലും ഉണ്ടാകുന്ന കുറവ് നിലവിലുള്ളതിലും മോശമായ സാമ്പത്തിക സ്ഥിതിയിലേക്ക് നമ്മെ കൊണ്ടെത്തിക്കും. മൂടുപടമണിഞ്ഞ കൊടും വഞ്ചനയ്ക്കെതിരെ, അവകാശപ്പെട്ട ശമ്പള വർദ്ധനവ് നേടിയെടുക്കാൻ, നിലവിലുള്ള ആനുകൂല്യങ്ങൾ നിലനിർത്താൻ ഒരു സുദീർഘപ്രക്ഷോഭത്തിന് നമുക്ക് സജ്ജരാകാം. **27–ാം തീയതിയിലെ കരിദിനാചരണം** ഇതിന് നാന്ദികുറിക്കട്ടെ.

അഭിവാദനങ്ങളോടെ,

**എ.ജി. നാരായൺ ഹരി** | **കെ. ബാബു തോമസ്**
ജനറൽ സെക്രട്ടറി | പ്രസിഡന്റ്